# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1773 — 17.06.2013-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

ചോദ്യം — മറുപടി

| | | | |
|---|---|---|---|
| | ശ്രീ. വി. എസ്. സുനിൽകുമാർ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മത്സ്യബന്ധനവേളയിൽ ഉപയോഗിക്കുവാനായി സുരക്ഷാകിറ്റ് (10 ഐറ്റം ഉൾപ്പെടെ) വിതരണം ചെയ്തു വരുന്നു. സുനാമി അടിയന്തിര സഹായ പദ്ധതി/സുനാമി പുനരധിവാസപദ്ധതി/ പ്രധാന മന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി എന്നിവയിൽ ഉൾപ്പെടുത്തി 7262 സുരക്ഷാ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. റേഡിയോ ബീക്കൺ, ലൈഫ്ബോയ്, റഡാർറിഫ്ലക്ടർ, ഹീലിയോഗ്രാഫ്, ഫിഷിംഗ്കം എമർജൻസി ഫ്ളാഷ് ലൈറ്റ്, ഫസ്റ്റ് എയ്ഡ്കിറ്റ്, വൈറ്റമിൻ ബിസ്കറ്റ്, കോമ്പസ്, ജാക്ക്നൈഫ്, കന്നാസ് എന്നിവയാണ് സുരക്ഷാ കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ മത്സ്യബന്ധന യാന ഉടമകൾക്ക് AIS (Automatic Identification System) ജി.പി.എസ്., വി.എച്ച്.എഫ് മറൈൻ റേഡിയോ എക്കോസൗണ്ടർ, റേഡിയോ ബീക്കൺ എന്നിവ ഉൾപ്പെടുന്ന സുരക്ഷാ കിറ്റുകൾ കേരള തീരദേശ വികസന |
| | | | കോർപ്പറേഷൻ വഴി "Safety at Sea" പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പോലീസ് സൂപ്രണ്ടിന്റെ കീഴിൽ 60 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ മറൈൻ എൻഫോഴ്സ്മെന്റ് യൂണിറ്റ് 5 സ്റ്റേഷനുകളിലും കൂടി 5 വാടകബോട്ടുകളും 3 ഡിപ്പാർട്ട്മെന്റ് വക ബോട്ടുകളും രക്ഷാപ്രവർത്തനത്തിനുപയോഗിക്കുന്നു. തീരദേശത്തിന്റെ സുരക്ഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് ഐഡന്റി കാർഡ് വിതരണം ചെയ്തുവരുന്നു. മത്സ്യബന്ധന യാനങ്ങൾക്ക് യൂണിഫോം ഓൺലൈൻ രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ട്. ഏകദേശം 90%ത്തോളം മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ലൈസൻസും ഇതിന്റെ ഭാഗമായി നൽകിവരുന്നു. |
| (ബി) | സമുദ്രത്തിലെ 200 നോട്ടിക്കൽമൈൽ 'എക്സ്ക്ലൂസീവ് എക്കണോമിക് സോൺ' എന്ന നിലയിൽ സംസ്ഥാനത്തിന് മത്സ്യബന്ധനാവകാശമുള്ള മേഖലയാണെങ്കിലും പ്രസ്തുത മേഖലയേയും, തൊഴിലാളികളേയും ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കത്തക്കവിധമുള്ള നിയമത്തിന്റെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | സമുദ്രത്തിലെ 12 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശത്ത് മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും ഉള്ള അധികാരം മാത്രമെ സംസ്ഥാന സർക്കാറിനുള്ളൂ. കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമാണ് അപ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത 12 നോട്ടിക്കൽ മൈലിന് അപ്പുറത്തുള്ള പ്രദേശത്ത് മത്സ്യബന്ധനം നടത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും ആയതിൽ നിയമനിർമ്മാണം നടത്തുന്നതിനും പാർലമെന്റിനെ അധികാരമുള്ളൂ. |
| (സി) | ഇതിനായി നിയമനിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ